**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **11-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഡയാലിസിസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്ക സംബന്ധമായ അസുഖം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജനങ്ങളുടെ മാറി വരുന്ന ജീവിതശൈലിക്ക് അനുസൃതമായ പ്രമേഹവും രക്താതിമർദ്ദവും ഉൾപ്പെടുന്ന വിവിധതരം ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇതിനെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഈ രോഗങ്ങളുടെ മൂർദ്ധാന്യാവസ്ഥയിൽ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നത് പോലെ വൃക്കകളെയും സാരമായി ബാധിക്കാറുണ്ട്. തൽഫലമായി വൃക്കരോഗങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ താലൂക്ക് ആശുപത്രികളിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് ജില്ലാ/ജനറൽ ആശുപത്രികളും താലൂക്ക് ആശുപത്രികളും തിരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കൂടിയായി 87 ഡയാലിസിസ് കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കീഴിൽ മാത്രം പ്രവർത്തിച്ച് വരുന്നു. ഡയാലിസിസ് കേന്ദ്രങ്ങളുടെ നടത്തിപ്പിന് ആവശ്യമായ ഡയാലിസിസ് മെഷീനുകളും അതിനുള്ള ഭൗതിക സാഹചര്യങ്ങളും RO പ്ലാന്റും സജ്ജീകരിക്കുന്നതിന് ഏറെ സാമ്പത്തികഭാരം ഉണ്ടാകുന്നതാണ്. അതിനോടൊപ്പം തന്നെ പ്രതിദിനം വേണ്ടി വരുന്ന തുടർ ചിലവുകളും മാനവവിഭവശേഷിയും കൂടി പരിഗണിക്കുമ്പോൾ ചെറിയ സ്ഥാപനങ്ങളിൽ ഡയാലിസിസ് നടത്തി കൊണ്ട് പോകുന്നതിനായി സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്. |
| (സി) | സർക്കാരിന്റെ കണക്കു പ്രകാരം എത്ര പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നുണ്ട്; | (സി) | സർക്കാർ തീരുമാനം അനുസരിച്ച് എല്ലാ ജില്ലാ/ താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത്. സർക്കാർ ആശുപത്രികളിൽ ആകെ 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021 |

| | | | |
|---|---|---|---|
| | | | അവസാനത്തോടെ 6 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിലെ ഡയാലിസിസ് സെന്ററുകൾ മുഖേന ഏകദേശം 4500 രോഗികൾക്ക് തുടർച്ചയായി ഡയാലിസിസ് നടത്തി വരുന്നു. പ്രധാന മെഡിക്കൽ കോളേജുകളിൽ പ്രതിമാസം ശരാശരി 2000-2200 രോഗികൾക്കും മറ്റു മെഡിക്കൽ കോളേജുകളിൽ പ്രതിമാസം ശരാശരി 600-700 രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നു. |
| (ഡി) | കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര പേർക്ക് ഡയാലിസിസ് ചെയ്തു വരുന്നുണ്ട്; വിശദമാക്കാമോ; | (ഡി) | ക്രമ നം സ്ഥാപനം ഡയാലിസിസ് രോഗികളുടെ എണ്ണം 1 ജില്ലാ ആശുപത്രി, കണ്ണൂർ 117 2 ജനറൽ ആശുപത്രി, തലശ്ശേരി 73 3 താലൂക്കാസ്ഥാന ആശുപത്രി, തളിപ്പറമ്പ് 36 4 താലൂക്കാശുപത്രി, പഴയങ്ങാടി 23 5 താലൂക്കാശുപത്രി, ഇരിട്ടി 17 6 താലൂക്കാശുപത്രി, പേരാവൂർ 21 7 താലൂക്കാശുപത്രി, പയ്യന്നൂർ 18 8 താലൂക്കാശുപത്രി, കൂത്ത്പറമ്പ 35 9 അർബൻ ഡയാലിസിസ് സെന്റർ, ഉരുവച്ചാൽ 24 10 അർബൻ ഡയാലിസിസ് സെന്റർ, എടക്കാട് 11 ആകെ 375 കണ്ണൂർ മെഡിക്കൽ കോളേജിൽ ശരാശരി 80 രോഗികൾ ദിവസേന ഡയാലിസിസ് ചെയ്തു വരുന്നു. |
| (ഇ) | ഡയാലിസിസ് ചെയ്തുവരുന്ന രോഗികൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (ഇ) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance to Poor പദ്ധതി മുഖേന ഡയാലിസിസ് രോഗികൾക്ക് Society, അംഗീകൃത ആശുപത്രിയിലെ ഡോക്ടറിൽ നിന്നും ഉള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റത്തവണ ധനസഹായം ആയി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രൊജക്ട് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി പ്രകാരം വൃക്ക/കരൾ അവയവം മാറ്റിവയ്ക്കൽ |

| | | | |
|---|---|---|---|
| | | | ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരുലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. രോഗിയെ പരിചരിക്കുന്നവർക്ക് 1000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവമാറ്റ ശസ്ത്രക്രിയ നടത്തി ആറുമാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ വൃക്കരോഗനിർണ്ണയം നടത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നെഫ്രോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിന് നടപടികൾ തുടർന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ